"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

(നിലവിൽ : ജാസ്മിൻ. ബി KAS)

വിഷയം:- വ്യായവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സർക്കാർ നിർദ്ദേശത്തിന്റെയും, ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിലെ പ്രസ്തുത സ്ഥാനക്കയറ്റങ്ങളുടെ പുന:ക്രമീകരണം, റിവേർഷൻ, പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) അഡ്. ഓഫീസറുടെ 22.04.2016-ലെ A3/3309/2016 ഉത്തരവും, സീനിയർ ക്ലാർക്ക് തസ്തികയുടെ ഫൈനൽ സീനിയോരിറ്റി ലിസ്റ്റും

2) ശ്രീമതി. സരിത. കെ.എസ്, ഹെഡ് ക്ലാർക്ക് ഫയൽ ചെയ്ത OA (EKM) No. 1700/2022,
MA (EKM) No. 1629/2023 എന്നിവയിന്മേൽ ബഹു: കെ.എ.ടി-യുടെ 09.10.2023-ലെ ഉത്തരവ്

3) ശ്രീ. ഷാജി. കെ.പി, സീനിയർ ക്ലാർക്ക് ഫയൽ ചെയ്ത OA (EKM) No. 171/2023,
MA (EKM) No. 1882/2023 എന്നിവയിന്മേൽ ബഹു: കെ.എ.ടി-യുടെ 23.11.2023-ലെ ഉത്തരവ്

4) സർക്കാർ കത്ത് നമ്പർ. സി1/215/2022-തൊഴിൽ, തീയതി: 11.01.2023

5) അഡ്. ഓഫീസറുടെ 15.06.2024-ലെ DT/150/2022-A3 ഉത്തരവും, സീനിയർ ക്ലാർക്ക് തസ്തികയുടെ ഫൈനൽ സീനിയോരിറ്റി ലിസ്റ്റും

6) അഡ്. ഓഫീസറുടെ 23.01.2023-ലെ DT/5471/2022-A3 നമ്പർ ഉത്തരവ്

7) അഡ്. ഓഫീസറുടെ 06.05.2023-ലെ DT/5471/2022-A3 നമ്പർ ഉത്തരവ്

8) അഡ്. ഓഫീസറുടെ 27.07.2023-ലെ DT/3193/2023-A3 നമ്പർ ഉത്തരവ്

9) അഡ്. ഓഫീസറുടെ 27.11.2023-ലെ DT/5190/2023-A3 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ : DT/150/2022-A3, തീയതി : 18-06-2024**

സൂചന (1) പ്രകാരമുള്ള സീനിയർ ക്ലാർക്ക് തസ്തികയുടെ ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിൽ സീനിയോരിറ്റി തർക്കം ഉന്നയിച്ച് സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീമതി. സരിത. കെ.എസ് 09.11.2022-ന് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (EKM) No. 1700/2022 ഫയൽ ചെയ്ത സാഹചര്യത്തിൽ, മറ്റ് നിയമ തടസ്സങ്ങളില്ലാത്തതിനാൽ **"OA (EKM) No. 1700/2022-മേലുള്ള അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുമെന്ന വ്യവസ്ഥയോടെ മാത്രം സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാമെന്ന്"** സൂചന (4) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരമാണ് സൂചന (6) മുതൽ (9) വരെയുള്ള ഉത്തരവുകൾ പ്രകാരം സൂചന (1) ഫൈനൽ ഗ്രഡേഷൻ

ലിസ്റ്റ് അനുസരിച്ച് 18 ജീവനക്കാർക്ക് ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ അനുവദിച്ചിട്ടുള്ളത്. കൂടാതെ സൂചന (6) മുതൽ (9) വരെയുള്ള പ്രൊമോഷൻ ഉത്തരവുകളിൽ, **"പ്രസ്തുത പ്രൊമോഷനുകൾ OA (EKM) No. 1700/2022-ന്മേലുള്ള അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുമെന്നും, കൂടാതെ സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിൽ സീനിയോരിറ്റി തർക്കം ഉന്നയിച്ച് മറ്റ് ജീവനക്കാർ സമർപ്പിച്ച പരാതികളുടെയും അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയുടെ സീനിയോരിറ്റി പുന:ക്രമീകരിക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പ്രൊമോഷൻ ഉത്തരവിലെ സീനിയോരിറ്റി പുന:പരിശോധിക്കുന്നതാണെന്നും"** വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന് ശ്രീമതി. സരിത. കെ.എസ് 27.09.2023-ന് M A (EKM) No. 1629/2023 ഫയൽ ചെയ്ത പ്രകാരം, "**സീനിയർ ക്ലാർക്ക് തസ്തികയുടെ സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് (അനക്സർ-7) ചട്ടപ്രകാരം പുന:ക്രമീകരിക്കണമെന്നും, സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിലെ പ്രൊമോഷനുകൾ പൂർണ്ണമായും താത്കാലികവും സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിന്റെ പുന: ക്രമീകരണത്തിന് വിധേയവുമാണെന്ന്**" OA (EKM) No. 1700/2022-ന്മേൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 09.10.2023-ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ആയതുപോലെ സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിൽ ശ്രീ. ശ്രീകാന്ത്. ആർ, ശ്രീമതി. സൈനബ. എസ്, ശ്രീമതി. ചിത്രലേഖ. കെ.എസ് എന്നിവർക്ക് താഴെ ക്രമീകരിക്കപ്പെട്ടിരുന്ന ശ്രീ. ഷാജി. കെ.പി, ടി 3 പേർക്കും മറ്റുള്ളവർക്കും മുകളിൽ സീനിയോരിറ്റി ക്രമീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് ടിയാൻ 19.01.2023-ന് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA (EKM) No. 171/2023 ഫയൽ ചെയ്യുകയും, തുടർന്ന് 17.11.2023-ന് MA (EKM) No. 1882/2023 ഫയൽ ചെയ്ത പ്രകാരം, OA (EKM) No. 1700/2022-ന്മേൽ "സീനിയർ ക്ലാർക്ക് തസ്തികയുടെ സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് ചട്ടപ്രകാരം പുന:ക്രമീകരിക്കണമെന്നും, സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിലെ പ്രൊമോഷനുകൾ പൂർണ്ണമായും താത്കാലികവും സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിന്റെ പുന:ക്രമീകരണത്തിന് വിധേയവുമാണെന്ന്" 09.10.2023-ന് അന്തിമ ഉത്തരവ് നൽകിയിട്ടുള്ളതിനാൽ OA (EKM) No. 171/2023-ന്മേൽ മറ്റൊരു ഉത്തരവ് പുറപ്പെടുവിക്കാതെ 23.11.2023-ന് ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA (EKM) No. 171/2023 തീർപ്പാക്കുകയും ചെയ്തു.

ആയതിനെ തുടർന്ന് ശ്രീമതി. സരിത. കെ.എസ് ഫയൽ ചെയ്ത OA (EKM) No. 1700/2022, ശ്രീ. ഷാജി. കെ.പി ഫയൽ ചെയ്ത OA (EKM) No. 171/2023 എന്നിവയിന്മേലുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ചട്ടങ്ങളും, സർക്കാർ സ്പഷ്ടീകരണങ്ങളും അനുസരിച്ച് സീനിയർ ക്ലാർക്ക് തസ്തികയുടെ സൂചന(1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് ചട്ടപ്രകാരം പുന:ക്രമീകരിച്ച് 01.06.2023 വരെയുള്ള ജീവനക്കാരെ കൂടി ഉൾപ്പെടുത്തി സൂചന (5) പ്രകാരം വകുപ്പിലെ സീനിയർ ക്ലാർക്ക് തസ്തികയുടെ ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് അനുസരിച്ച് സൂചന (6) മുതൽ (9) വരെയുള്ള ഉത്തരവുകൾ പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ച 18 പേരുടെ സീനിയോരിറ്റി സൂചന (5) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് അനുസരിച്ച് പുന:ക്രമീകരിച്ചും OA (EKM) No. 1700/2022-ന്മേലുള്ള

ബഹ: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.10.2023-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാൽ സൂചന (6) മുതൽ (9) വരെയുള്ള ഉത്തരവുകൾ പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ അനുവദിച്ച ജീവനക്കാരുടെ ഹെഡ് ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ചുവടെപ്പറയുന്ന ക്രമത്തിൽ പുന:ക്രമീകരിച്ചും OA (EKM) No. 1700/2022-ന്മേലുള്ള ബഹ: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.10.2023-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

| ക്രമ നമ്പർ | സൂചന (5) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമനമ്പർ | ജീവനക്കാരന്റെ / ജീവനക്കാരിയുടെ പേര് | നിവലിൽ ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|
| 1 | 274 | ശ്രീമതി. ഹഫ്സാബീവി. പി.പി | ഐ.ടി.ഐ മാള |
| 2 | 275 | ശ്രീമതി. സരിത. കെ.എസ് | ആർ.ഐ.സി കോഴിക്കോട് |
| 3 | 276 | ശ്രീ. ബൈജു. ജി | ആർ.ഐ.സി കളമശ്ശേരി |
| 4 | 277 | ശ്രീ. ഷാം കിഷോർ. എം | ഐ.ടി.ഐ (വ) കോഴിക്കോട് |
| 5 | 278 | ശ്രീമതി. കല. ടി.കെ | ഐ.ടി.ഐ കോഴിക്കോട് |
| 6 | 279 | ശ്രീ. മനോജ്. എം.കെ | ഐ.ടി.ഐ (വ) കഴക്കൂട്ടം |
| 7 | 280 | ശ്രീമതി. രേഷ്മ. എസ്.യു | ഐ.ടി.ഐ ഏറ്റുമാനൂർ |
| 8 | 281 | ശ്രീമതി. മിനിമോൾ. കെ.യു | ഐ.ടി.ഐ കൊല്ലം |
| 9 | 282 | ശ്രീമതി. ഷമി. ജെ | ആർ.ഐ.സി കൊല്ലം |
| 10 | 283 | ശ്രീ. നസീർ. എ | ഐ.ടി.ഐ ആറ്റിങ്ങൽ |
| 11 | 284 | ശ്രീ. ജോർജ്ജ് ബർണാഡ് | ആർ.ഐ.സി ചാക്ക |
| 12 | 285 | ശ്രീമതി. ലേഖാകൃഷ്ണൻ. എം.കെ | ഐ.ടി.ഐ (വ) കൊല്ലം |
| 13 | 286 | ശ്രീ. സുനീഷ്. പി | ആർ.ഐ.സി കോട്ടയം |
| 14 | 287 | ശ്രീ. അജികുമാർ. കെ | ഐ.ടി.ഐ കട്ടപ്പന |
| 15 | 290 | ശ്രീ. രാജേഷ്. എം | ഐ.ടി.ഐ ചെങ്ങന്നൂർ |

സൂചന (1) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് അനുസരിച്ച് സൂചന (8) ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ച ചുവടെപ്പറയുന്ന 3 പേർക്ക് സൂചന (5) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് അനുസരിച്ച് പ്രൊമേഷന് അർഹതയില്ല. ടി സാഹചര്യത്തിൽ OA (EKM) No. 1700/2022-ന്മേലുള്ള ബഹ: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.10.2023-ലെ അന്തിമ ഉത്തരവിന്റെയും, സൂചന (4) സർക്കാർ കത്തിലെ വ്യവസ്ഥയുടെയും, സൂചന (8) പ്രൊമോഷൻ ഉത്തരവിലെ വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ ടി 3 പേരെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്ത് ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | സൂചന (5) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമനമ്പർ | ജീവനക്കാരന്റെ / ജീവനക്കാരിയുടെ പേര്, നിലവിലെ തസ്തിക, സ്ഥാപനം | റിവേർട്ട് ചെയ്തു കൊണ്ട് നിയമിക്കുന്ന തസ്തിക, സ്ഥാപനം |
|---|---|---|---|
| 1 | 304 | ശ്രീ. ശ്രീകാന്ത്. ആർ<br>ഹെഡ് ക്ലാർക്ക്,<br>ഐ.ടി.ഐ പള്ളിക്കത്തോട് | സീനിയർ ക്ലാർക്ക്<br>ഐ.ടി.ഐ തിരുവാർപ്പ് |
| 2 | 305 | ശ്രീമതി. സൈനബ. എസ്<br>ഹെഡ് ക്ലാർക്ക്,<br>ഐ.ടി.ഐ ചെന്നീർക്കര | സീനിയർ ക്ലാർക്ക്<br>ഐ.ടി.ഐ ദേശമംഗലം |
| 3 | 306 | ശ്രീമതി. ചിത്രലേഖ. കെ.എസ്<br>ഹെഡ് ക്ലാർക്ക്,<br>(നിലവിൽ അന്യത്ര സേവനം - എൻട്രൻസ് കമ്മീഷണറേറ്റ്) | സീനിയർ ക്ലാർക്ക്<br>ട്രെയിനിംഗ് ഡയറക്ടറേറ്റ് |

സീനിയർ ക്ലാർക്ക് തസ്തികയുടെ സൂചന (5) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് അനുസരിച്ചായിരുന്നുവെങ്കിൽ സൂചന (8) ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്ന ചുവടെപ്പറയുന്ന 2 സീനിയർ ക്ലാർക്കുമാർക്ക്, റിവേർട്ട് ചെയ്ത മേൽ ജീവനക്കാർക്ക് പകരമായി KS&SSRs Part-II, Rule. 28 അനുസരിച്ച് 39300-83000 രൂപ ശമ്പള നിരക്കിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ അനുവദിച്ച് ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിയമിച്ചുത്തരവാകുന്നു. ടി 2 സീനിയർ ക്ലാർക്കുമാർക്ക് കൂടിയാണ് സൂചന (8) ഉത്തരവ് പ്രകാരം പ്രൊമോഷന് ലഭിക്കേണ്ടിയിരുന്നത് എന്നതിനാൽ, ഇവർക്ക് സൂചന (8) ഉത്തരവ് തീയതി പ്രാബല്യം മുതൽ ടി പ്രൊമോഷൻ നോഷണലായും അനുവദിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | സൂചന (5) ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമനമ്പർ | ജീവനക്കാരന്റെ / ജീവനക്കാരിയുടെ പേര്, നിലവിലെ തസ്തിക, സ്ഥാപനം | പ്രൊമോട്ട് ചെയ്തു കൊണ്ട് നിയമിക്കുന്ന തസ്തിക, സ്ഥാപനം | ഉദ്യോഗക്കയറ്റ പ്രാബല്യതീയതി (നോഷണൽ) |
|---|---|---|---|---|
| 1 | 291 | ശ്രീ. പ്രമോദ്. ജി<br>സീനിയർ ക്ലാർക്ക്,<br>ഐ.ടി.ഐ കൊല്ലം | ഹെഡ് ക്ലാർക്ക്<br>ഐ.ടി.ഐ<br>ചെന്നീർക്കര | 27.07.2023 |
| 2 | 292 | ശ്രീ. സതീശൻ. സി.എം<br>സീനിയർ ക്ലാർക്ക്,<br>ഐ.ടി.ഐ മാടായി | ഹെഡ് ക്ലാർക്ക്<br>ഐ.ടി.ഐ<br>പള്ളിക്കത്തോട് | 27.07.2023 |

റിവേർട്ട് ചെയ്യപ്പെട്ട ജീവനക്കാരെ അതത് സ്ഥാപനമേധാവികൾ ഈ ഉത്തരവ് ലഭിക്കുന്ന അന്നേ ദിവസം തന്നെ വിടുതൽ ചെയ്യേണ്ടതാണ്. റിവേർട്ട് ചെയ്യപ്പെട്ട / പ്രൊമോഷൻ ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നതും, സേവനത്തിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ അന്നേ ദിവസം തന്നെ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

പ്രൊമോഷൻ ലഭിച്ച ജീവനക്കാർക്ക് KSRs Part-I, Rule. 23(c) പ്രകാരം സേവനത്തിൽ പ്രവേശിക്കുന്ന തീയതിയ്ക്ക് മുമ്പ് വരെയുള്ള കുടിശ്ശികയ്ക്ക് അർഹതയില്ലായെന്ന വ്യവസ്ഥയിൽ നോഷണൽ പ്രാബല്യതീയതി മുതൽ ശമ്പള നിർണ്ണയത്തിനും, KS&SSRs Part-I, Rule. 2(6)(f) പ്രകാരം നോഷണൽ പ്രാബല്യതീയതി മുതൽ പ്രൊബേഷൻ ആരംഭിക്കുന്നതിനും അർഹതയുണ്ട്. ആയതുപോലെ അതത് സ്ഥാപനമേധാവികൾ, സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് റിവേർട്ട് ചെയ്യപ്പെട്ട ജീവനക്കാരുടെ ശമ്പള പുന:നിർണ്ണയം നടത്തി നാളിതുവരെയുള്ള അടിസ്ഥാന ശമ്പള നിരക്കുകൾ ക്രമപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്/-)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>സ്വീകർത്താവ്:</u>**

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (സ്ഥാപനമേധാവി മുഖേന)

**<u>പകർപ്പ്:</u>**

1. പ്രവേശന പരീക്ഷാ കമ്മീഷണർ (*<u>ഈ ഉത്തരവ് ലഭിക്കുന്ന അന്നേ ദിവസം തന്നെ ശ്രീമതി. ചിത്രലേഖ. കെ.എസ്-നെ ആ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും, യഥാസമയം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യാൻ ടിയാൾക്ക് നിർദ്ദേശം നൽകേണ്ടതുമാണെന്ന് താല്പര്യപ്പെടുന്നു</u>*)
2. വകുപ്പ് വെബ് സൈറ്റ്
3. സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

**സീനിയർ സൂപ്രണ്ട്**